**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2456 05.11.2019-ലെ മറുപടിയ്ക്ക്

# <u>പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ; | (എ)<br>&<br>(ബി) | കായികവകുപ്പിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിന്റെ സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നു. ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന തുകയ്ക്കുള്ളതായിരുന്നതിനാൽ റീ ടെണ്ടറുകൾ ക്ഷണിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് ജി.എസ്.ടി കണക്കിലെടുക്കാത്ത തുകയ്ക്കാണ്. മാത്രമല്ല DSR Cost Index പരിഷ്കരിച്ചതിനാലും പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വർക്ക് ഓർഡർ നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | | |
| (സി) | നടപടികൾ പൂർത്തീകരിച്ച് അടിയന്തരമായി പ്രവൃത്തി ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | പുതുക്കിയ DSR Cost Index അനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിഷ്കരിച്ച് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ ടെണ്ടർ ചെയ്യുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**